പി.എസ്.സി. അഡ്വൈസ് മെമ്മോ ലഭിക്കാത്ത കെ.എസ്.ആർ.ടി.സി.-യിലെ താൽക്കാലിക ഡ്രൈവർമാർ

34 (4378) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ഡ്രൈവർ തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരും നിലവിൽ കെ.എസ്.ആർ.ടി.സി.യിൽ താത്ക്കാലികമായി അൺ അഡ്വൈസ്ഡ് ഡ്രൈവർമാരായി ജോലി നോക്കി വരുന്നവരുമായ ജീവനക്കാർക്ക് നാളിതുവരെ പി.എസ്.സി അഡ്വൈസ് മെമ്മോ അയക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത തസ്തികയിലേക്ക് എത്ര പേർക്ക് ഇതിനകം അഡ്വൈസ് അയച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത തസ്തികയിലേക്ക് ഇപ്പോൾ എത്ര വേക്കൻസികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ഡി) കെ.എസ്.ആർ.ടി.സി. വേക്കൻസികൾ റിപ്പോർട്ട് ചെയ്തിട്ടും കഴിഞ്ഞ ഒരു വർഷമായി കെ.എസ്.ആർ.ടി.സിയിൽ താൽക്കാലിക അടിസ്ഥാനത്തിൽ അൺ അഡ്വൈസ്ഡ് ഡ്രൈവർമാരായി ജോലി നോക്കി വരുന്ന ഇവരുടെ അഡ്വൈസ് മെമ്മോ അയയ്ക്കാത്തതിന്റെ കാരണം വിശദമാക്കുമോ ;

(ഇ) ഇവർക്കുള്ള അഡ്വൈസ് മെമ്മോ എത്രയും വേഗം അയയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പി.എസ്.സി.-യുടെ അൺ അഡ്വൈസ്ഡ് ലിസ്റ്റിൽ ഉൾപ്പെട്ട് കെ.എസ്.ആർ.ടി.സി.-യിൽ താൽക്കാലിക വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഏതാനും ഡ്രൈവർമാർക്ക് ഇനിയും നിയമനോപദേശം നൽകാനുണ്ട്.

(ബി) പി.എസ്.സി. നാളിതുവരെ 6,525 റിസർവ്വ് ഡ്രൈവർമാരുടെ അഡ്വൈസ്ഡ് ലിസ്റ്റ് കെ.എസ്.ആർ.ടി.സി.ക്ക് തന്നിട്ടുണ്ട്.

(സി) 4-5-2010-ൽ 1,674 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി & ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

റീജിയണൽ സയൻസ് സെന്ററുകൾ

35 (4379) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് റീജിയണൽ സയൻസ് സെന്ററുകളും ജില്ലകളിൽ സയൻസ് സിറ്റീസും ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly